| 28–03–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ഇത് മംഗളകാരിയായ പുരുഷോത്തമ സംഗമയുഗമാണ്, ഇതിൽ പഴയലോകം മാറി പുതിയതാകുന്നു, ഈ യുഗത്തെ നിങ്ങൾ മറന്നുപോകരുത്.**

**ചോദ്യം:–** തനിക്കു സമാനമായി മാറുന്നതിനായി ബാബ ചെറുതും വലുതുമായ മുഴുവൻ കുട്ടികൾക്കും സ്നേഹത്തോടെ ഒരു ശിക്ഷണം നൽകുന്നു, അത് എന്താണ്?
**ഉത്തരം:–** മധുരമായ കുട്ടികളേ– ഇപ്പോൾ തെറ്റു ചെയ്യരുത്. ഇവിടേയ്ക്ക് നിങ്ങൾ വന്നിരിക്കുന്നത് നരനിൽ നിന്നും നാരായണനായി മാറുന്നതിനായാണ് അതിനാൽ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. ആർക്കും ദുഃഖം നൽകരുത്. തെറ്റുകൾ ചെയ്യുകയാണെങ്കിൽ അതും ദുഃഖം നൽകലാണ്. അച്ഛൻ ഒരിയ്ക്കലും കുട്ടികൾക്ക് ദുഃഖം നൽകുന്നില്ല, ബാബ നിങ്ങൾക്ക് നിർദേശം നൽകുകയാണ്– കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ. യോഗിയായി മാറുകയാണെങ്കിൽ വികർമ്മം വിനാശമാകും. നിങ്ങൾ വളരെ മധുരമായി മാറും.

**ഓം ശാന്തി.** ഏത് കുട്ടികളാണോ സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി, പരമപിതാ പരമാത്മാവുമായി യോഗം വെയ്ക്കുന്നത്, അവരെയാണ് സത്യമായ യോഗി എന്നു പറയുന്നത്, എന്തുകൊണ്ടെന്നാൽ ബാബ സത്യമല്ലേ! അതിനാൽ നിങ്ങളുടെ ബുദ്ധിയോഗം സത്യവുമായാണ്. ബാബ എന്തെല്ലാം കേൾപ്പിക്കുന്നുണ്ടോ, അതെല്ലാം സത്യം തന്നെയാണ്. യോഗി, ഭോഗി എന്നിങ്ങനെ രണ്ട് പ്രകാരത്തിലുള്ള ആളുകളുണ്ട്. നിങ്ങളുടെ യോഗം ഒരേ ഒരു പ്രകാരത്തിലുള്ളതാണ്. അവരുടെ സന്യാസം വേറെയാണ്, നിങ്ങളുടെ സന്യാസം വേറെയാണ്. നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലെ യോഗികളാണ്. നമ്മൾ പാവനമായ യോഗികളാണോ അതോ പതിത ഭോഗികളാണോ എന്ന കാര്യം ആർക്കും അറിയുകയില്ല. ഇതും നിങ്ങൾ കുട്ടികൾക്കേ അറിയൂ. ബാബയാണെങ്കിൽ എല്ലാവരേയും കുട്ടീ–കുട്ടീ എന്നാണ് വിളിക്കുന്നത്, എന്തുകൊണ്ടെന്നാൽ ബാബയ്ക്കറിയാം ഞാൻ പരിധിയില്ലാത്ത ആത്മാക്കളുടെ പിതാവാണ്. മാത്രമല്ല നിങ്ങളും ഇത് മനസ്സിലാക്കുന്നുണ്ട് നമ്മൾ ആത്മാക്കൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. ബാബ നമ്മുടെ അച്ഛനാണ്. നിങ്ങൾ ബാബയുമായി യോഗം വെയ്ക്കുന്നതിലൂടെ പവിത്രമായി മാറുന്നു. അവർ ഭോഗികളാണ്, നിങ്ങൾ യോഗികളും. ബാബ തന്റെ പരിചയം നിങ്ങൾക്ക് നൽകുന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണ് എന്നതും നിങ്ങൾക്ക് അറിയാം. ഇത് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ഇതിന്റെ പേര് പുരുഷോത്തമ സംഗമയുഗം എന്നതാണ്, അതിനാൽ പുരുഷോത്തമം എന്ന പദത്തെ ഒരിയ്ക്കലും മറക്കരുത്. ഇത് പുരുഷോത്തമനായി മാറുന്നതിനുള്ള യുഗമാണ്. ശ്രേഷ്ഠവും പവിത്രവുമായ മനുഷ്യരെയാണ് പുരുഷോത്തമർ എന്നു പറയുന്നത്. ഈ ലക്ഷ്മീ നാരായണന്മാർ ശ്രേഷ്ഠവും പവിത്രവുമായിരുന്നു. നിങ്ങൾക്ക് ഇപ്പോൾ സമയത്തെക്കുറിച്ച് മനസ്സിലായി. 5000 വർഷങ്ങൾക്കു ശേഷം ഈ ലോകം പഴയതാകുന്നു. വീണ്ടും ഇതിനെ പുതിയതാക്കുവാൻ വേണ്ടി ബാബ വരുന്നു. ഇപ്പോൾ നമ്മൾ സംഗമയുഗീ ബ്രാഹ്മണകുലത്തിലേതാണ്. ഉയർന്നതിലും ഉയർന്നതാണ് ബ്രഹ്മാവ്, ബ്രഹ്മാവിനെ ശരീരധാരിയായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ശിവബാബ അശരീരിയാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട്, അശരീരിയുടേയും ശരീരധാരിയുടേയും മിലനം ഉണ്ടാകുന്നു. ബ്രഹ്മാവിനെ നിങ്ങൾ ബാബാ എന്നാണ് വിളിക്കുന്നത്. ഇത് അത്ഭുതകരമായ പാർട്ടല്ലേ. ബ്രഹ്മാബാബയ്ക്ക് മഹിമയുമുണ്ട് ക്ഷേത്രങ്ങളുമുണ്ട്. എന്തെല്ലാം രീതികളിലാണ് ആളുകൾ രഥത്തെ അലങ്കരിക്കുന്നത്. ഇതും ബാബ പറഞ്ഞുതന്നിട്ടുണ്ട്– വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിന്റേയും അന്തിമ സമയത്താണ് ഞാൻ വന്ന് പ്രവേശിക്കുന്നത്. എത്ര വ്യക്തമായാണ് മനസ്സിലാക്കിത്തരുന്നത്. ഏറ്റവുമാദ്യം ഭഗവാന്റെ വാക്കുകളാണിത് എന്ന് പറയേണ്ടിവരും. പിന്നീട് ഞാൻ വളരെ അധികം ജന്മങ്ങളുടെ അന്തിമത്തിൽ മുഴുവൻ രഹസ്യങ്ങളും കുട്ടികൾക്കുതന്നെയാണ് മനസ്സിലാക്കിത്തരുന്നത്, ബാക്കി ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളും ചിലപ്പോഴൊക്കെ മറന്നുപോകുന്നു. പുരുഷോത്തമം എന്ന പദം എഴുതുന്നതിലൂടെ മനസ്സിലാക്കും ഈ പുരുഷോത്തമ യുഗം തന്നെയാണ് മംഗളകാരീ യുഗം. അഥവാ യുഗത്തെ ഓർമ്മയുണ്ടെങ്കിൽ മനസ്സിലാക്കും ഇപ്പോൾ നമ്മൾ പുതിയ ലോകത്തിലേയ്ക്കായി പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തിൽ ദേവതകളാണ് ഉണ്ടാവുക. നിങ്ങൾക്ക് ഇപ്പോൾ യുഗങ്ങളുടെ അറിവും ലഭിച്ചു.

ബാബ മനസ്സിലാക്കിത്തരികയാണ്– മധുരമായ കുട്ടികളേ, സംഗമയുഗത്തെ ഒരിയ്ക്കലും മറക്കരുത്. ഇത് മറക്കുന്നതിലൂടെ മുഴുവൻ ജ്ഞാനവും മറന്നുപോകും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ നമ്മൾ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പഴയലോകവും മാറി പുതിയതാകണം. ബാബ വന്ന് ലോകത്തെ മാറ്റുന്നു ഒപ്പം കുട്ടികളേയും പരിവർത്തനപ്പെടുത്തുന്നു. കുട്ടികളേ– കുട്ടികളേ എന്ന് എല്ലാവ

രേയും വിളിക്കുന്നു. മുഴുവൻ ലോകത്തിലുമുള്ള സർവ്വാത്മാക്കളും കുട്ടികളാണ്. എല്ലാവരുടേയും പാർട്ട് ഈ ഡ്രാമയിലുണ്ട്. ചക്രത്തേയും തെളിയിച്ച് കൊടുക്കണം. ഓരോരുത്തരും അവരവരുടെ ധർമ്മത്തിന്റെ സ്ഥാപന നടത്തുന്നു. ഈ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ ബാബയ്ക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. ഈ ധർമ്മത്തിന്റെ സ്ഥാപന ബ്രാഹ്മാവല്ല ചെയ്യുന്നത്. പുതിയ ലോകത്തിൽ ദേവീ ദേവതാ ധർമ്മമാണുള്ളത്. പഴയ ലോകത്തിൽ മുഴുവൻ മനുഷ്യരാണ്. പുതിയ ലോകത്തിൽ ദേവീ ദേവതകളാണുണ്ടാവുക. ദേവതകൾ പവിത്രമാണ്. അവിടെ രാവണരാജ്യമില്ല. ബാബ നിങ്ങൾ കുട്ടികൾക്ക് രാവണനിൽ വിജയം നേടിത്തരികയാണ്. രാവണനുമേൽ വിജയം നേടിയാലുടൻ രാമരാജ്യം ആരംഭിക്കും. രാമരാജ്യമെന്ന് പുതിയ ലോകത്തേയും രാവണ രാജ്യമെന്ന് പഴയലോകത്തേയുമാണ് പറയുന്നത്. രാമരാജ്യം എങ്ങനെയാണ് സ്ഥാപിക്കപ്പെടുന്നത് - ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. രചയിതാവായ ബാബയിരുന്ന് നിങ്ങൾ കുട്ടികൾക്ക് രചനയുടെ രഹസ്യം മനസ്സിലാക്കിത്തരുകയാണ്. ബാബയാണ് രചയിതാവ്, ബീജരൂപൻ. ബീജത്തെ വൃക്ഷപതി എന്നാണ് പറയാറ്. സാധാരത്ത ബീജം ജഢമാണ്, അതിനെ ഇങ്ങനെ പറയില്ല. നിങ്ങൾക്ക് അറിയാം ബീജത്തിൽ നിന്നാണ് മുഴുവൻ വൃക്ഷവും പുറത്തു വരുന്നത്. മുഴുവൻ വിശ്വവും എത്ര വലിയ വൃക്ഷമാണ്. അത് ജഢമാണ് എന്നാൽ ഇത് ചൈതന്യമാണ്. സത്-ചിത്ത് അനന്ദസ്വരൂപം, മനുഷ്യ സൃഷ്ടിയുടെ ബീജരൂപം ബാബാണ്, ബാബയിൽ നിന്ന് എത്ര വലിയ വൃക്ഷമാണ് വളർന്നുവരുന്നത്. മോഡലായി ചെറിയരൂപം ഉണ്ടാക്കിയിരിക്കുന്നു. മനുഷ്യ സൃഷ്ടിയുടെ വൃക്ഷം ഏറ്റവും വലുതാണ്. ഉയർന്നതിലും ഉയർന്ന ബാബ ജ്ഞാനസാഗരനാണ്. മറ്റുവൃക്ഷങ്ങളെക്കുറിച്ചുള്ള ജ്ഞാനം വളരെ അധികം ആളുകളിലുണ്ട്, എന്നാൽ ഈ വൃക്ഷത്തിന്റെ ജ്ഞാനം ഒരേ ഒരു ബാബയാണ് നൽകുന്നത്. ഇപ്പോൾ ബാബ നിങ്ങളുടെ പരിധിയുള്ള ബുദ്ധിയെ മാറ്റി പരിധിയില്ലാത്ത ബുദ്ധി നൽകി. നിങ്ങൾ ഈ പരിധിയില്ലാത്ത വൃക്ഷത്തെ അറിഞ്ഞുകഴിഞ്ഞു. ഈ വൃക്ഷത്തിന് എത്ര വലിയ സ്ഥാനമാണ് ലഭിച്ചിരിക്കുന്നത്. ബാബ കുട്ടികളെ പരിധിയില്ലാത്തതിലേയ്ക്ക് നയിക്കുകയാണ്. ഇപ്പോൾ മുഴുവൻ ലോകവും പതിതമാണ്. മുഴുവൻ സൃഷ്ടിയും ഹിംസകരാണ്. പരസ്പരം ഹിംസിക്കുന്നവരാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചു. സത്യയുഗത്തിലെ ദേവീ ദേവതകൾ മാത്രമാണ് അഹിംസകർ. സത്യയുഗത്തിൽ എല്ലാവരും പവിത്രത, സുഖ, ശാന്തിയിലായിരിക്കും. മുഴുവൻ മനോകാമനകളും 21 ജന്മങ്ങളിലേയ്ക്ക് പൂർത്തിയാകുന്നു. സത്യയുഗത്തിൽ ഒരു കാമനയുമുണ്ടാകില്ല. ധാന്യങ്ങളെല്ലാം അളവില്ലാത്തത് ലഭിക്കും. ഈ ബോംബെ മുമ്പ് ഉണ്ടായിരുന്നില്ല. ദേവതകൾ ഉപ്പുരസമുള്ള സമുദ്രജലത്തിന് സമീപത്തുള്ള മണ്ണിലല്ല വസിക്കുന്നത്. മാധുര്യമുള്ള നദികൾ എവിടെയാണോ ഉണ്ടായിരുന്നത്, അവിടെയാണ് ദേവതകൾ വസിച്ചിരുന്നത്. കുറച്ച് മനുഷ്യരേ ഉണ്ടായിരുന്നുള്ളു, അതിനാൽ ഒരാൾക്കുതന്നെ അളവില്ലാത്തത്ര ഭൂമിയുണ്ടായിരുന്നു. സത്യയുഗത്തിൽ തന്നെയാണ് നിർവ്വികാരീ ലോകം. നിങ്ങൾ യോഗബലത്തിലൂടെ വിശ്വത്തിന്റെ രാജ്യപദവി നേടുന്നു. അതിനെത്തന്നെയാണ് രാമരാജ്യം എന്നു പറയുന്നത്. ആദ്യമാദ്യം പുതിയ വൃക്ഷം വളരെ ചെറുതായിരിക്കും. മുമ്പ് തായ്ത്തടിയായി ഒരു ധർമ്മമാണ് ഉണ്ടായിരുന്നത്. പിന്നീട് തായ്ത്തടിയിൽ നിന്ന് മൂന്നെണ്ണം പുറത്ത് വരുന്നു. ഇങ്ങനെയുള്ള തായ്ത്തടിയാണ് ദേവീദേവതാ ധർമ്മം. പിന്നീട് അതിൽ നിന്ന് ചെറിയ ചെറിയ ശാഖകളും-ചില്ലയും ഉണ്ടാകുന്നു. ഇപ്പോൾ വൃക്ഷത്തിന്റെ തായ്ത്തടി മാത്രമില്ല. ഇതിന് ഉദാഹരണമായി ആൽവൃക്ഷം കൃത്യമാണ്. പേരാലിന്റെ മുഴുവൻ വൃക്ഷവുമുണ്ടായിരിക്കും എന്നാൽ അതിന്റെ തായ്ത്തടിയില്ല. ഉണങ്ങിയിട്ടുമില്ല. മുഴുവൻ വൃക്ഷവും പച്ചപ്പോടെ നിൽക്കുന്നുണ്ട്. അതുപോലെ ദേവീ-ദേവതാ ധർമ്മമാകുന്ന തായ്ത്തടി മാത്രമില്ല. അടിത്തറ ഇതാണല്ലോ. രാമരാജ്യം അഥവാ ദേവീ-ദേവതാ ധർമ്മം തായ്ത്തടിയായാണ് വരുന്നത്. ബാബ പറയുന്നു ഞാൻ 3 ധർമ്മങ്ങളുടെ സ്ഥാപനയാണ് ചെയ്യുന്നത്. ഈ കാര്യങ്ങൾ മുഴുവൻ നിങ്ങൾ സംഗമയുഗീ ബ്രാഹ്മണർ മാത്രമാണ് മനസ്സിലാക്കുന്നത്. നിങ്ങൾ ബ്രാഹ്മണരുടേത് ചെറിയ കുലമാണ്. ചെറിയ ചെറിയ മഠങ്ങളും വഴികളും ഉണ്ടാവാറില്ലേ. അരവിന്ദാശ്രമമുണ്ട്, എത്ര പെട്ടെന്നാണ് അവിടെ വൃദ്ധിയുണ്ടാകുന്നത് കാരണം അവിടെ വികാരത്തിന് ഒരു തടസ്സവുമില്ല. ഇവിടെ ബാബ പറയുന്നു കാമം മഹാശത്രുവാണ്. അതിനുമേൽ വിജയം നേടണം. ഇങ്ങനെ മറ്റാർക്കും പറയാൻ സാധിക്കില്ല. ഇല്ലെങ്കിൽ അവരുടെ മുന്നിലും ബഹളമായിരിക്കും. ഇവിടെയുള്ളത് മുഴുവൻ പതിത മനുഷ്യരാണ് അതിനാൽ പാവനമായി മാറുന്നതിനുള്ള കാര്യം കേൾക്കുന്നതേയില്ല. വികാരമില്ലാതെ കുട്ടികൾ എങ്ങനെ ജനിക്കും എന്നു ചോദിക്കുന്നു. ആ പാവങ്ങളിലും ദോഷമില്ല. ഗീത പഠിപ്പിക്കുന്നവരും പറയുന്നുണ്ട് ഭഗവാനുവാചാ- കാമം മഹാശത്രുവാണ്. അതിനെ ജയിക്കുന്നതിലൂടെ ജഗത്ജീത്താവാം, പക്ഷേ മനസ്സിലാക്കുന്നില്ല. അവർ ഈ കാര്യങ്ങൾ കേൾപ്പിക്കുമ്പോൾ ഇതവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ഇതിനെക്കുറിച്ച് ബാബ പറയുന്നു- എങ്ങനെയാണോ ഹനുമാൻ വാതിൽക്കൽ ചെരുപ്പിൻ മേലെ ഇരിക്കുന്നു എന്ന് പറയുന്നത്, അതുപോലെ ബാബയും പറയുന്നു ചെന്ന് അരികിൽ ഇരുന്ന് കേട്ടിട്ട് വരൂ. എന്നിട്ട് എപ്പോഴാണോ ഇങ്ങനെ പറയുന്നത് അപ്പോൾ ചോദിക്കൂ- ഇതിന്റെ രഹസ്യം എന്താണ്? ജഗത്ജീത്തായിരുന്നത് ഈ ദേവതകളാണ്. ദേവതകളായി മാറാൻ ഈ വികാരങ്ങളെ ഉപേക്ഷിക്കേണ്ടതായിവരും. ഇതും നിങ്ങൾക്ക് പറയാൻ

സാധിക്കും. ഇപ്പോൾ രാമരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് എന്നത് നിങ്ങൾക്ക് മാത്രമേ അറിയൂ. നിങ്ങൾ തന്നെയാണ് മഹാവീരന്മാർ. ഇതിൽ പേടിക്കേണ്ട ഒരു കാര്യവുമില്ല. വളരെ സ്നേഹത്തോടെ ചോദിക്കണം- സ്വാമീ, അങ്ങു പറഞ്ഞു ഈ വികാരങ്ങളുടെമേൽ വിജയം നേടുകയാണെങ്കിൽ വിശ്വത്തെ ജയിച്ചവരായി മാറുമെന്ന്, പക്ഷേ എങ്ങനെ പവിത്രമായി മാറാം എന്നത് അങ്ങ് പറഞ്ഞുതന്നില്ല? ഇപ്പോൾ നിങ്ങൾ കുട്ടികൾ പവിത്രമായിരിക്കുന്ന മഹാവീരന്മാരാണ്. മഹാവീരന്മാരാണ് വിജയമാലയിൽ കോർക്കപ്പെടുന്നത്. മനുഷ്യരുടെ കാതുകൾ തെറ്റായ കാര്യങ്ങൾ കേട്ട് അധഃപതിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ മോശമായ കാര്യങ്ങൾ കേൾക്കുന്നതിൽ ഇഷ്ടമില്ല. ശരിയായ കാര്യങ്ങളാണ് നിങ്ങളുടെ കാതുകൾക്ക് നല്ലതായി തോന്നുന്നത്. മോശമായത് കേൾക്കരുത്... മനുഷ്യരെ തീർച്ചയായും ഉണർത്തണം. ഭഗവാൻ പറയുന്നു പവിത്രമായി മാറൂ. സത്യയുഗത്തിൽ എല്ലാവരും പവിത്ര ദേവതകളായിരുന്നു. ഇപ്പോൾ എല്ലാവരും അപവിത്രമാണ്. ഇങ്ങനെ ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കണം. പറയൂ, ഞങ്ങളും സത്സംഗം വെയ്ക്കുന്നുണ്ട്, അതിൽ കാമം മഹാശത്രുവാണ് എന്നാണ് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ പവിത്രമായി മാറാൻ ആഗ്രഹിക്കുകയാണെങ്കിൽ ഒരു യുക്തിയിലൂടെ ആയി മാറൂ, സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ, പരസ്പരം സഹോദരങ്ങളാണ് എന്ന ദൃഷ്ടി ഉറപ്പിക്കൂ.

നിങ്ങൾ കുട്ടികൾക്ക് അറിയാം- ആദ്യമാദ്യം ഈ ഭാരതം വളരെ സമ്പന്നമായ ഖണ്ഡമായിരുന്നു, ഇപ്പോൾ കാലിയായതിനാൽ ഹിന്ദുസ്ഥാൻ എന്ന് പേരുവെച്ചു. മുമ്പ് ഭാരതം ധനം-സമ്പത്ത്, സുഖം, ശാന്തി, പവിത്രത എല്ലാംകൊണ്ടും സമ്പന്നമായിരുന്നു. ഇപ്പോൾ ദുഃഖത്താൽ സമ്പന്നമാണ്. അല്ലയോ ദുഃഖഹർത്താവേ, സുഖ കർത്താവേ... എന്ന് നിങ്ങൾ വിളിച്ചിരുന്നു. നിങ്ങൾ എത്ര സന്തോഷത്തോടെയാണ് ബാബയിൽ നിന്നും പഠിക്കുന്നത്. പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് എടുക്കാത്തവരായി ആരെങ്കിലുമുണ്ടാകുമോ! ആദ്യമാദ്യം അല്ലാഹുവിനെ മനസ്സിലാക്കണം. അല്ലാഹുവിനെ മനസ്സിലാക്കാതെ മറ്റൊരു രഹസ്യവും ബുദ്ധിയിൽ വരില്ല. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് നൽകുകയാണ് എന്ന നിശ്ചയം എപ്പോൾ വരുന്നോ അപ്പോൾ മുന്നോട്ടുപോകും. കുട്ടികൾക്ക് ബാബയോട് ഒരു ചോദ്യവും ചോദിക്കേണ്ട ആവശ്യമില്ല. പതിത പാവനനായ ബാബയെത്തന്നെയാണ് നിങ്ങൾ ഓർമ്മിക്കുന്നത്. നിങ്ങൾ ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് പാവനമായി മാറുന്നത്. എന്നെ വിളിച്ചതു തന്നെ ഇതിനുവേണ്ടിയാണ്. ജീവന്മുക്തി സെക്കന്റിന്റെ കാര്യമാണ്. എന്നിട്ടും ഓർമ്മയുടെ യാത്രയിൽ സമയമെടുക്കുന്നു. മുഖ്യമായി ഓർമ്മയുടെ യാത്രയിൽത്തന്നെയാണ് വിഘ്നങ്ങളുണ്ടാകുന്നത്. അരകല്പം ദേഹാഭിമാനത്തിലാണ് ജീവിച്ചത്. ഇപ്പോൾ ഒരു ജന്മത്തിൽ ദേഹീ അഭിമാനിയാകുന്നതിലാണ് പരിശ്രമം. ബ്രഹ്മാബാബയ്ക്ക് ഇത് സഹജമാണ്. നിങ്ങൾ വിളിക്കുന്നത് തന്നെ ബാപ്ദാദ എന്നാണ്. ബ്രഹ്മാബാബയും മനസ്സിലാക്കുന്നുണ്ട് ബാബ സവാരിചെയ്യുന്നത് തന്റെ ശിരസ്സിലിരുന്നാണ്. ബാബയുടെ വളരെ അധികം മഹിമ ചെയ്യുന്നു, വളരെ അധികം സ്നേഹിക്കുന്നു- ബാബാ, അങ്ങ് എത്ര മധുരമാണ്, ഞങ്ങളെ കല്പ-കല്പം എത്രമാത്രം പഠിപ്പിക്കുന്നു. പിന്നീട് അരകല്പം ഞങ്ങൾ അങ്ങയെ ഓർമ്മിക്കുന്നതേയില്ല. ഇപ്പോഴാണെങ്കിൽ വളരെ അധികം ഓർമ്മിക്കുന്നു. ഇന്നലെവരെ ഞങ്ങളിൽ ഒരു ജ്ഞാനവും ഉണ്ടായിരുന്നില്ല. ഞങ്ങൾ ആരെയാണോ പൂജിച്ചുകൊണ്ടിരുന്നത് അവരായിത്തന്നെ ഞങ്ങൾ മാറും എന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഇപ്പോൾ അത്ഭുതം തോന്നുന്നു. യോഗിയായി മാറുന്നതിലൂടെ ദേവീ ദേവതയായിത്തീരും. എല്ലാവരും എന്റെ കുട്ടികൾ തന്നെയാണ്. ബാബ വളരെ സ്നേഹത്തോടെ കുട്ടികളെ സംരക്ഷിക്കുന്നു, പാലിക്കുന്നു. ഇവരും തനിക്കു സമാനം ലക്ഷ്മീ നാരായണനായി മാറും എന്ന് ചിന്തിക്കുന്നു. നിങ്ങൾ ഇവിടേയ്ക്ക് വന്നതുതന്നെ അതിനുവേണ്ടിയാണ്. എത്ര മനസ്സിലാക്കിത്തരുന്നു- കുട്ടികളേ, ബാബയെ ഓർമ്മിക്കൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ, കഴിക്കുന്നതിലും കുടിക്കുന്നതിലും ശ്രദ്ധ വെയ്ക്കൂ. ഇനിയും സമയം ബാക്കിയുണ്ട് എന്ന് കരുതുന്നതിനാലാണ് ചെയ്യാത്തത്. എന്തെങ്കിലും തെറ്റുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചെറുതും വലുതുമായ എല്ലാ കുട്ടികൾക്കും സ്നേഹത്തോടെ മനസ്സിലാക്കിത്തരുന്നു- കുട്ടികളേ, തെറ്റ് ചെയ്യരുത്, ആർക്കും ദുഃഖം നൽകരുത്. തെറ്റ് ചെയ്യുക എന്നാൽ ദുഃഖം നൽകലാണ്. ബാബ ഒരിയ്ക്കലും ദുഃഖം നൽകുന്നില്ല. ബാബ നിർദേശം നൽകുക മാത്രമാണ് ചെയ്യുന്നത്- എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. വളരെ മധുരമായി മാറും. ഇങ്ങനെ മധുരമായി മാറണം, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. പവിത്രമായി മാറൂ. അപവിത്രമായവർക്ക് ഇവിടെയ്ക്ക് വരാൻ അനുവാദമില്ല. ചിലപ്പോൾ വരുവാൻ അനുവാദം നൽകുന്നു. അതും ഇപ്പോൾ മാത്രമാണ്. എപ്പോൾ വളരെ അധികം വൃദ്ധിയുണ്ടാകുന്നുവോ അപ്പോൾ പറയും ഇതാണ് പവിത്രതയുടേയും സൈലൻസിന്റേയും ഗോപുരം. ഉയർന്നതിലും ഉയർന്നതല്ലേ. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയുടെ ഓർമ്മയിൽ ഇരിക്കുക- ഇതാണ് ഏറ്റവും വലിയ ശക്തി. അവിടെ വളരെ അധികം ശാന്തിയുണ്ടാകും. അരകല്പത്തിലേയ്ക്ക് യാതൊരു ലഹളയോ-ബഹളമോ ഉണ്ടാകില്ല. ഇവിടെ എത്ര വഴക്കാണ് ഉണ്ടാകുന്നത്, ശാന്തിയുണ്ടാവുക സാധ്യമല്ല. ശാന്തിയുടെ വീട് മൂലവതനമാണ്. പിന്നീട് ശരീരം

ധാരണ ചെയ്ത് വിശ്വത്തിൽ പാർട്ട് അഭിനയിക്കാൻ വരുമ്പോൾ ഇവിടെയും ശാന്തിയുണ്ടാകും. ആത്മാവിന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്. രാവണനാണ് അശാന്തിയുണ്ടാക്കുന്നത്. നിങ്ങൾ ശാന്തിയുടെ ശിക്ഷണം നേടിക്കൊണ്ടിരിക്കുകയാണ്. ആരെങ്കിലും ദേഷ്യപ്പെടുകയാണെങ്കിൽ അവർ എല്ലാവരേയും അശാന്തരാക്കും. ഈ യോഗബലത്തിലൂടെ നിങ്ങളുടെ മുഴുവൻ അഴുക്കും പുറത്ത് പോകുന്നു. ഓർമ്മയിലൂടെ മുഴുവൻ അഴുക്കും ഭസ്മമാകുന്നു. കറ ഇളകുന്നു. ഇന്നലെ ഞാൻ നിങ്ങളെ പഠിപ്പിച്ചിരുന്നു, എന്താ അത് നിങ്ങൾ മറന്നുപോയോ? എന്ന് ബാബ ചോദിക്കുന്നു. 5000 വർഷങ്ങളുടെ കാര്യമാണ്. അവരാണെങ്കിൽ ലക്ഷക്കണക്കിന് വർഷങ്ങളെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു.

ഇപ്പോൾ നിങ്ങൾക്ക് സത്യത്തിന്റേയും അസത്യത്തിന്റേയും വ്യത്യാസം മനസ്സിലായിട്ടുണ്ട്. സത്യം എന്താണ്, അസത്യം എന്താണ്? എന്നത് ബാബ തന്നെയാണ് നിങ്ങൾക്ക് വന്ന് പറഞ്ഞുതരുന്നത്. ജ്ഞാനം എന്താണ്, ഭക്തി എന്താണ്? ഭ്രഷ്ഠാചാരം എന്നും ശ്രേഷ്ഠാചാരം എന്നും എന്തിനേയാണ് പറയുന്നത്? ഭ്രഷ്ഠാചാരി വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്. അവിടെ വികാരം ഉണ്ടാകില്ല. നിങ്ങൾ സ്വയം പറയുന്നു– ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളാണ്. രാവണരാജ്യം തന്നെയില്ല. ഇത് സഹജമായി മനസ്സിലാക്കേണ്ട കാര്യമാണ്. പിന്നീട് എന്ത് ചെയ്യണം? ഒന്നാമത് തീർച്ചയായും ബാബയെ ഓർമ്മിക്കണം, രണ്ടാമത് തീർച്ചയായും പവിത്രമായി മാറണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) പവിത്രമായി മാറുന്നതിൽ മഹാവീരനാകണം, ഓർമ്മയുടെ യാത്രയിലൂടെ ഉള്ളിലെ അഴുക്കുകളെ ഇല്ലാതാക്കണം. തന്റെ സ്വധർമ്മത്തിൽ ശാന്തിയിൽ സ്ഥിതി ചെയ്യണം, അശാന്തി പരത്തരുത്.

2) ബാബ കേൾപ്പിക്കുന്ന ശരിയായ കാര്യം എന്താണോ അതുമാത്രം കേൾക്കണം, മോശമായത് കേൾക്കരുത്... തെറ്റായ കാര്യങ്ങൾ കേൾക്കരുത്. എല്ലാവരേയും ഉണർത്തൂ. പുരുഷോത്തമ യുഗത്തിൽ പുരുഷോത്തമനാകൂ ഒപ്പം ആക്കിമാറ്റൂ.

## വരദാനം:– ആത്മീക ശക്തിയുടെ ആധാരത്തിൽ ശരീരത്തിന്റെ ശക്തിയുടെ അനുഭവം ചെയ്യുന്ന സദാ സ്വസ്ഥരായി ഭവിക്കൂ

ഈ അലൗകിക ജീവിതത്തിൽ ആത്മാവും പ്രകൃതിയും രണ്ടിന്റേയും ആരോഗ്യം ആവശ്യമാണ്. എപ്പോൾ ആത്മാവ് സ്വസ്ഥമാണോ അപ്പോൾ ശരീരത്തിന്റെ കണക്കുകൾ അഥവാ ശരീരത്തിന്റെ രോഗം ശൂലത്തിൽ നിന്ന് മുള്ളാകുന്നത് കാരണം, സ്വ–സ്ഥിതി കാരണം സ്വസ്ഥമായ അനുഭവം ചെയ്യുന്നു. അവരുടെ മുഖത്തോ ഭാവത്തിലോ രോഗത്തിന്റെ കഷ്ടതയുടെ അടയാളം ഉണ്ടായിരിക്കില്ല, രോഗത്തിന്റെ വർണ്ണനയ്ക്ക് പകരം കർമ്മയോഗത്തിന്റെ സ്ഥിതിയുടെ വർണ്ണന ചെയ്യുന്നു. അവർ പരിവർത്തന ശക്തിയിലൂടെ കഷ്ടതയെ പരിവർത്തനം ചെയ്ത് സന്തുഷ്ടമായി കഴിഞ്ഞ് സന്തുഷ്ടതയുടെ അല പരത്തുന്നു.

## സ്ലോഗൻ:– ഹൃദയത്താൽ, ശരീരരത്താൽ പരസ്പര സ്നേഹത്തോടെ സേവനം ചെയ്യൂ അപ്പോൾ സഫലത നിശ്ചിതമായും ലഭിക്കും.